# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ T1783** — **7/3/2018-ൽ മറുപടിക്ക്**

## ആരോഗ്യ ജാഗ്രതാ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.എസ്.ശബരീനാഥൻ** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |
| എ) ആരോഗ്യ ജാഗ്രതാ പദ്ധതിക്ക് പഞ്ചായത്ത് തലത്തിൽ നേതൃത്വം നൽകേണ്ട ചുമതല ഹെൽത്ത് ഇൻസ്പെക്ടർമാർക്കാണോ എന്ന് വ്യക്തമാക്കുമോ; | എ) ആരോഗ്യ ജാഗ്രതാ പദ്ധതിയ്ക്ക് പഞ്ചായത്തുതലത്തിൽ നേതൃത്വം നൽകുന്നത് പ്രൈമറി ഹെൽത്ത് സെന്ററിലെ മെഡിക്കൽ ആഫീസർ ഇൻ ചാർജ്ജാണ്. ഹെൽത്ത് ഇൻസ്പെക്ടർ മെഡിക്കൽ ആഫീസറിന് ആവശ്യമായ സഹായം നൽകുന്നു. പഞ്ചായത്തിലെ ഒരോ സബ്സെന്ററിലും വാർഡിലും നടത്തുന്ന പ്രവർത്തനങ്ങൾ ക്രോഡീകരിക്കുക, ആരോഗ്യജാഗ്രതാ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, ജില്ലയിൽ നിന്നും ലഭ്യമാകുന്ന രോഗപ്രതിരോധത്തിനും നിയന്ത്രണത്തിനുമുള്ള സാധനസാമഗ്രികളും ബോധവത്കരണ ഉപാധികളും താഴെത്തട്ടിൽ ലഭ്യമാക്കുക തുടങ്ങിയ കാര്യങ്ങൾ ഹെൽത്ത് ഇൻസ്പെക്ടറാണ് ചെയ്യുന്നത്. |
| ബി) നിലവിൽ ഹെൽത്ത് ഇൻപെക്ടർമാരുടെ എത്ര ഒഴിവുകളുണ്ട്; ഇത് പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; | ബി) ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 തസ്തികയുടെ 190-ഓളം ഒഴിവുകൾ നിലവിലുണ്ട്. പ്രസ്തുത തസ്തിക ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1 തസ്തികയുടെ പ്രമോഷൻ തസ്തികയായതിനാൽ ടി ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യേണ്ട ആവശ്യമില്ല. എന്നാൽ 27/03/2015-ലെ സ.ഉ(കൈ)നം.101/2015/പൊ.ഭ.വ പ്രകാരം പട്ടികവർഗ്ഗവിഭാഗത്തിനായി ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 തസ്തികയിൽ 14 ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| സി) പ്രസ്തുത തസ്തികയിൽ ഒഴിവുകൾ നികത്താത്തത് ആരോഗ്യ ജാഗ്രതാ പദ്ധതിയെ പുറകോട്ടടിക്കുകയില്ലേ? | സി) ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്- 2 തസ്തികയിലെ സ്ഥാനക്കയറ്റം സംബന്ധിച്ച സീനിയോരിറ്റി വിഷയത്തിൽ ബഹു.ഹൈക്കോടതിയിൽ കേസ് നിലവിലുള്ളതിനാൽ പ്രസ്തുത വിഷയത്തിലെ |

| | | | |
|---|---|---|---|
| | | | ഉത്തരവ് കോടതിയിൽ നിന്നും ലഭിയ്ക്കുന്ന മുറയ്ക്കു മാത്രമേ സ്ഥാനക്കയറ്റം നടത്തി പ്രസ്തുത തസ്തികയിലെ ഒഴിവ് നികത്തുവാനാകുകയുള്ളൂ. |
| ഡി) | ഹെൽത്ത് ഇൻസ്പെക്ടർ വിഭാഗത്തിന്റെ ജോലിയും ഉത്തരവാദിത്വവും കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; അവർക്ക് സ്റ്റാറ്റ്യൂട്ടറി യൂണിഫോം അനുവദിക്കുന്ന കാര്യം ആലോചിക്കുമോ? | ഡി) | പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ